## വാണിജ്യ നികുതി വകുപ്പിലെ ലാസ്റ്റ്ഗ്രഡ് ജീവനക്കാരുടെ പ്രൊമോഷൻ

253 (4689) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന 15 ശതമാനം വരെ റേഷ്യോ പ്രൊമോഷൻ വാണിജ്യ നികുതി വകുപ്പിൽ ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാണിജ്യനികുതി വകുപ്പിലെ ലാസ്റ്റ്ഗ്രഡ് ജീവനക്കാരുടെ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 14-11-1995-ലെ ജി.ഒ. (പി) 817/95 (58) ഫിൻ. പ്രകാരം വാണിജ്യ നികുതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ അനുപാതം 1:2 ആണ്.

(ബി) വാണിജ്യ നികുതി വകുപ്പിൽ 1-4-2000 മുതലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ആയത് ഫൈനലൈസ് ചെയ്തതിനുശേഷമേ റേഷ്യോ പ്രൊമോഷൻ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

## സെയിൽ ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയവർക്കെതിരെ നടപടികൾ

254 (4690) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ കോഴി കള്ളക്കടത്തുകാരുടെ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരെ അമർച്ച ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; ഇവിടെ സെയിൽ ടാക്സ് ഓഫീസ് കേന്ദ്രീകരിച്ച് കള്ളക്കടത്തുകാർ സെയിൽസ് ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയ സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

കാസർഗോഡ് ജില്ലയിലെ കോഴി കള്ളക്കടത്തുകാരുടെ പ്രവർത്തനങ്ങൾ നികുതി വകുപ്പ് നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. കർണ്ണാടകത്തിന്റെ അതിർത്തി ജില്ലകളിൽ നിന്നാണ് കാസർഗോട്ടേക്ക് കോഴി കള്ളക്കടത്ത് നടക്കുന്നത്. കേരളത്തിൽ 12.5 ശതമാനം നികുതി ഈടാക്കുന്ന ഇറച്ചിക്കോഴിക്ക് കർണ്ണാകടത്തിൽ നികുതി ഇല്ലെന്നത് കോഴി കള്ളക്കടത്തുകാർക്ക് പ്രചോദന

LIBRARY ARCHIVES Kerala Legislative Assembly